## നിർദേശങ്ങൾ (അപേക്ഷകർ)

1. കുടുംബശ്രീയുടെ നേതൃത്വത്തിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ നടത്തിവരുന്ന ബഡ്സ് സ്ഥാപനങ്ങളിലെ ഹോണററി തസ്തികകളിലേക്കായിരിക്കും നിയമനം.
2. പ്രായ പരിധി 40 വയസ്സ് ആയിരിക്കും (1-5-2018 നു 40 വയസ്സ് അധികരിക്കാൻ പാടില്ല)
3. അപേക്ഷ സ്വീകരിക്കുന്ന അവസാന തിയതി 30/05/2018 ആയിരിക്കും
4. ഈ തസ്തികകളിലേക്ക് അപേക്ഷിക്കുന്നവർക്ക് ആർ സി ഐ അംഗീകരിച്ചതും സർക്കാർ ഉത്തരവുകൾക്കു അനുസരിച്ചുമുള്ള മതിയായ യോഗ്യത
   - [29/7/2009 ലെ 148/09 തസ്വഭവ സർക്കാർ ഉത്തരവിൽ പറഞ്ഞിരിക്കുന്ന ആർ സി ഐ അംഗീകാരമുള്ള പരിശീലനം സിദ്ധിച്ചവർ ,
   - 6/4/2013 ലെ 144/2013 തസ്വഭവ ഉത്തരവിൽ പറഞ്ഞിരിക്കുന്ന +2 യോഗ്യതയോടൊപ്പം ആർ സി ഐ അംഗീകാരമുള്ള ഡിപ്ലോമ/ ബിരുദം
   - 7/2/2018 ലെ 20/2018 തസ്വഭവ ഉത്തരവിൽ പറഞ്ഞിരിക്കുന്ന D.Ed. Special (Autism Spectrum Disorder), Diploma in Early Childhood Special Education (DECSE) (Mental Retardation); D.Ed Special Education (Cerebral Palsy); D.Ed Special Education (Hearing Impairment); D.Ed Special Education (Visual Impairment), Diploma in Community Based Rehabilitation; Diploma in Vocational Rehabilitation] ഇവയിൽ ഏതെങ്കിലും ഒന്ന് എങ്കിലും ഉണ്ടായിരിക്കേണ്ടതാണ്.
5. നിലവിൽ ഉള്ളതും ഭാവിയിൽ ഉണ്ടാവാൻ സാധ്യതയുള്ളതുമായ ഒഴിവുകളിലേക്കു നിയമനം നടത്തുന്നതിനുള്ള ലിസ്റ്റു തയ്യാറാക്കുന്നതിലേക്കു വേണ്ടിയാണ് അപേക്ഷ ക്ഷണിക്കുന്നത്
6. ലിസ്റ്റിലെ മുൻഗണനാ ക്രമം അനുസരിച്ചും ജില്ലയിലെ ആവശ്യകത അനുസരിച്ചും ആയിരിക്കും നിയമനം നടത്തുക
7. ഒരു ഉദ്യോഗാർഥി ഒരു ജില്ലയിലേക്ക് മാത്രമേ അപേക്ഷിക്കുവാൻ പാടുള്ളു
8. നിയമനം ലഭിക്കുന്ന മുറക്ക് 15 ദിവസത്തിനകം നിയമനം ലഭിക്കുന്ന ബഡ്സ് സ്ഥാപനത്തിൽ ജോലിയിൽ പ്രവേശിക്കേണ്ടതാണ്
9. അപേക്ഷിക്കുന്ന ജില്ലയിൽ മാത്രമേ നിയമനത്തിന് പരിഗണിക്കുകയുള്ളൂ
10. നിയമന ശേഷം ജില്ലാന്തര സ്ഥലം മാറ്റം പരിഗണിക്കുകയില്ല .
11. നിയമിക്കപ്പെടുന്നവർക്കു കാലാ കാലങ്ങളിൽ സർക്കാർ ഇറക്കുന്ന പ്ലാൻ ഗൈഡ്‌ലൈൻ പ്രകാരമുള്ള ഹോണറേറിയം ആയിരിക്കും ലഭിക്കുക.
12. മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികളുടെ സ്കൂളുകളിലോ പുനരധിവാസ കേന്ദ്രങ്ങളിലോ ജോലി ചെയ്തു മുൻപരിചയം ഉള്ളവർക്ക് മുൻഗണന.

13. ആർ സി ഐ അംഗീകാരമുള്ള കോഴ്സു പൂർത്തിയാക്കിയ ശേഷമുള്ള പ്രവർത്തി പരിചയമായിരിക്കും കണക്കാക്കുന്നത്. തസ്തികയിൽ പറഞ്ഞിട്ടുള്ള മേഖലയിലുള്ള പ്രവർത്തിപരിചയം മാത്രമേ പരിഗണിക്കൂ.
14. തിരഞ്ഞെടുക്കപ്പെടുന്നവർ അതാതു ജില്ലയിലെ ഏതു ബഡ്സ് സ്ഥാപനത്തിലും ജോലി ചെയ്യുവാൻ സന്നദ്ധത ഉള്ളവരായിരിക്കണം.
15. ഹോണററി നിയമനമായതു കൊണ്ട് സ്ഥിരം ജീവനക്കാർക്കോ സർക്കാർ ജീവനക്കാർക്കോ ലഭ്യമാകുന്ന യാതൊരു വിധ ആനുകൂല്യങ്ങൾക്കും അർഹതയുണ്ടായിരിക്കുന്നതല്ല.
16. ബഡ്സ് സ്ഥാപനങ്ങളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ടു കാലാ കാലങ്ങളിൽ സർക്കാർ ഇറക്കുന്ന എല്ലാ ഉത്തരവുകളും ഈ ലിസ്റ്റിൽ നിന്നും നിയമിക്കപ്പെടുന്നവർക്കും ബാധകമായിരിക്കും.
17. അപേക്ഷ ഫോം വ്യക്തമായും കൃത്യമായും പൂരിപ്പിക്കേണ്ടതാണ്.
18. അപേക്ഷിക്കുന്ന ജില്ലയിലെ കുടുംബശ്രീ ജില്ലാ മിഷൻ കോ ഓർഡിനേറ്റർക്കാണ് അപേക്ഷ സമർപ്പിക്കേണ്ടത് .
19. നോട്ടിഫിക്കേഷനിൽ പറഞ്ഞിരിക്കുന്ന സർക്കാർ ഉത്തരവുകളിൽ പറഞ്ഞിരിക്കുന്ന പ്രൊഫഷണൽ, വിദ്യാഭ്യാസ യോഗ്യതകൾ ഇല്ലാത്തവരുടെ അപേക്ഷകൾ തള്ളിക്കളയുന്നതാണ്.
20. 30/05/2018 നു ശേഷം ലഭിക്കുന്ന എല്ലാ അപേക്ഷകളും നിരസിക്കുന്നതാണ്.
21. ഒഴിവുകളുടെ എണ്ണത്തിൽ കാലാനുസൃതമായി വരുന്ന മാറ്റം നിയമനത്തിന് പരിഗണിക്കുന്നതായിരിക്കും
22. 31/03/2018 വരെ യുള്ള പ്രവൃത്തി പരിചയമായിരിക്കും കണക്കാക്കുക.
23. അപേക്ഷകരുടെ എണ്ണത്തിനനുസരിച്ച് എഴുത്തുപരീക്ഷയും അഭിമുഖവും അല്ലെങ്കിൽ അഭിമുഖം മാത്രമായോ നടത്തുന്നതിനുള്ള അധികാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കും.
24. എഴുത്തു പരീക്ഷ നടത്തേണ്ടതുണ്ടെങ്കിൽ അതിനുള്ള സിലബസ് താഴെ പറയും പ്രകാരം ആയിരിക്കും

    പൊതു വിജ്ഞാനം 10 മാർക്ക്, റീസണിങ് 10 മാർക്ക്, ബഡ്സ് 10 മാർക്ക്, മാനസിക വെല്ലുവിളിയും അനുബന്ധ വിഷയങ്ങളും 70 മാർക്ക്.